"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ചങ്ങനാശ്ശേരി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി മീര.എസ്-ന് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.45/2026/LBR തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:- 1) ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി മീര.എസ്-ന്റെ 11.03.2025 ലെ അവധി അപേക്ഷ.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 15.09.2025 ലെ ഇ4-2388/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ചങ്ങനാശ്ശേരി ഇ.എസ്.ഐ ഡിസ്പെൻസറിയിൽ 11.03.2025 പൂർവ്വാഹ്നം ഫാർമസിസ്റ്റ് ഗ്രേഡ് II ആയി സർവ്വീസിൽ പ്രവേശിച്ച ശ്രീമതി മീര.എസ് ആലപ്പുഴ ഗവ. ടി.ഡി മെഡിക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന ബി.ഫാം കോഴ്സ് പൂർത്തിയാക്കുന്നതിനായി 12.03.2025 മുതൽ 30.04.2026 വരെ പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി മീര.എസ്-ന്, 12.03.2025 മുതൽ 30.04.2026 വരെ, കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീമതി മീര.എസ്, ഫാർമസിസ്റ്റ് ഗ്രേഡ് II,ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (13.10.2025 ലെ 3281207/LBR-1/229/2025-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajish Kumar A
Date: 13-01-2026 17:08:19

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.